## വൈറൽ



# സ്പാർഷ് ഷാ എന്ന മിടുക്കൻ

• ആബിദ് കോലിക്കര

സ്പാർഷ് ഷാ എന്ന കൊച്ചു മിടുക്കനെ കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടോ..?

ഇന്ത്യക്കാരനാണ് സ്പാർഷ്. അമേരിക്കയിലെ ന്യൂ ജഴ്സിയിലാണ് താമസം. ഇന്ത്യൻ പ്രധാനമന്ത്രിയെ ട്രംപ് സ്വീകരിച്ച പരിപാടിയിൽ ദേശീയ ഗാനം ആലപിച്ചത് സ്പാർഷ് ഷായും ടീമുമായിരുന്നു. സ്പാർഷ് ഷാ റാപ് മ്യൂസിക് ചെയ്യും, പാട്ടെഴുതും.. അതുപോലെ ലോകം അറിയുന്ന മോട്ടിവേഷനൽ സ്പീക്കറുമാണ്.

നടക്കാനോ ഓടാനോ ഒന്നും കഴിയില്ല സ്പാർഷ് ഷാക്ക്. കൈയിന്റെയോ കാലിന്റെയോ ബലം താങ്ങാനാകാതെ എല്ലു മുറിയുന്ന അസുഖമാണവന്. ആറാം മാസത്തിൽ അമ്മയുടെ കൈയിൽ നിന്ന് വീണപ്പോൾ നാൽപത് എല്ലുകളാണ് ഒടിഞ്ഞത്. ഇത്രയും കാലത്തിനിടക്ക് ഒരുപാട് തവണയാണ് അവന്റെ എല്ലുകൾ ഒടിഞ്ഞിട്ടുള്ളത്.

തന്റെ അസുഖങ്ങൾ വകവെക്കാതെ ചിരിച്ചും പ്രസംഗിച്ചും പാട്ടെഴുതിയും അത് കമ്പോസ് ചെയ്തും ഉയരങ്ങൾ കീഴടക്കുകയാണവൻ. ഇംഗ്ലീഷിലെ തന്നെ നാല് ആക്സന്റുകൾ അവനറിയാം. ഹിന്ദുസ്ഥാനി ക്ലാസിക് മ്യൂസികും അമേരിക്കൻ മ്യൂസികും അവൻ പഠിച്ചിട്ടുണ്ട്.

അവൻ കഥകളും കവിതകളുമെഴുതുന്നു. Brittle Bone Rapper എന്ന പേരിൽ സ്പാർഷ് ഷായെ കുറിച്ച് ഡോക്യുമെന്ററിയും ഇറങ്ങിയിട്ടുണ്ട്. സ്പാർഷ് ഷാ യുടെ രക്ഷിതാക്കൾ ഇന്ത്യയിലെ ഗുജറാത്തിൽ നിന്നുള്ളവരാണ്. ചെറിയ അസുഖങ്ങൾ വരുമ്പോഴേക്കും ക്ഷീണവും മടിയും പിടിച്ചിരിക്കുന്നവർക്ക് വലിയ ഉൻമേഷവും ഊർജവുമാണ് സ്പാർഷിന്റെ ജീവിതം നൽകുന്നത്.

•



സ്പാർഷ് ഷായുടെ കുടുംബം

▸▸ ഇന്ത്യയിലെ ആദ്യ ജൈവ സംസ്ഥാനം– സിക്കിം